**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597</u>** **<u>17-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>നാനോ വ്യവസായ ഭവന യൂണിറ്റുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നാനോ വ്യവസായ ഭവന യൂണിറ്റുകൾക്ക് മാർജിൻ മണിയും പലിശ സഹായവും നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; | (എ) | നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 100ലക്ഷം രൂപയും ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിയിൽ 200 ലക്ഷം രൂപയുമാണ് നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിരുന്നത്. എന്നാൽ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിക്കായി കൂടുതൽ അപേക്ഷകൾ ജില്ലകളിൽ ലഭ്യമാവുകയും അനുവദിച്ച തുക പര്യാപ്തമല്ലാതെ വരികയും ചെയ്തതിനാൽ 09.02.2022 ലെ G.o.(Rt).No.883/2022/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4,45,00,000/- രൂപ കൂടി റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | നാളിതുവരെ അനുവദിച്ച/ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 14 ജില്ലകൾക്കായി നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 100ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 10.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിയിൽ 14 ജില്ലകൾക്കായി 645 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 474 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ